**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5805** **08-07-2024 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് നിയന്ത്രിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് ഉണ്ടാക്കുന്നതും ഉപയോഗിക്കുന്നതും തടയുന്നതിനായി എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തി കേസുകൾ കണ്ടെടുത്ത് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്ന് കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെൽ വഴിയും, ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ രൂപീകരിച്ചും പൊതുജനങ്ങളിൽ നിന്ന് വിവരങ്ങളും പരാതികളും സ്വീകരിച്ച് സത്വര നടപടി സ്വീകരിച്ച് വരുന്നു.<br><br>അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകൾ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ കൂടിയും ഇടറോഡുകളിൽ കൂടിയും ലഹരിവസ്തുക്കൾ കടത്തുന്നത് തടയുന്നതിനുവേണ്ടി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് നടപടി സ്വീകരിച്ചു വരുന്നു. വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. കൊറിയർ സർവ്വീസ് വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി |

| | | | |
|---|---|---|---|
| | | | ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിന് പോലീസ്, ഫോറസ്റ്റ്, ആർ. പി. എഫ്, തീരദേശ സേന, ഫുഡ് ആന്റ് സേഫ്റ്റി, ഡ്രഗ്ഗ്സ് കൺട്രോൾ, ആരോഗ്യ വകുപ്പ് തുടങ്ങിയ ഇതര വകുപ്പുകളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകൾ, തീരപ്രദേശങ്ങൾ, ഹോട്ടൽ, ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ ശക്തമായ റെയ്ഡുകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ ലഹരിയ്ക്കെതിരെ ഊർജ്ജിതമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ മയക്കുമരുന്ന് മാഫിയക്കെതിരെ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിക്കുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ മയക്കുമരുന്ന് മാഫിയകൾക്കെതിരെ ശക്തമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ലഹരി കടത്തുമായി ബന്ധപ്പെട്ട സ്ഥിരം കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി അവരുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. തുടർച്ചയായി ലഹരിക്കേസുകളിൽ പ്രതിയാകുന്നവർ ജാമ്യത്തിൽ പോകാതിരിക്കുന്നതിനായി ജാമ്യാപേക്ഷ ബഹു. കോടതിയിൽ സമർപ്പിക്കുമ്പോൾ മുൻ കേസുകളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുകയും, കുറ്റപത്രം സമർപ്പിക്കുന്ന സമയം ടി കേസ്സ് വിവരങ്ങൾ കൂടി ബഹു. കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിരന്തരം മയക്കുമരുന്ന് കേസ്സുകളിൽ പ്രതിയാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനായി PIT NDPS നിയമ പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഒന്നിൽ കൂടുതൽ തവണ ഒരേ കുറ്റകൃത്യത്തിൽ ഏർപ്പെട്ട് ശിക്ഷിക്കപ്പെടുന്ന വ്യക്തികൾക്ക് കൂടിയ ശിക്ഷ ഉറപ്പുവരുത്തുന്നതിനായി എൻ.ഡി.പി.എസ് നിയമത്തിലെ വകുപ്പ് 31, 31 (A) പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മയക്കുമരുന്ന് പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ മയക്കുമരുന്നുമായി ബന്ധപ്പെട്ട് NDPS ആക്ട് പ്രകാരം 19,843 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ